കാസർഗോഡ് ജില്ലാ ആയുർവേദ ആശുപത്രി

207 (1142) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ എണ്ണം എത്ര ; അവയിൽ അനുവദിക്കപ്പെട്ടവ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കൂടുതൽ ഡോക്ടർമാരെ നിയമിച്ച് പടന്നക്കാട്ടെ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) എണ്ണം - 4

ചീഫ് മെഡിക്കൽ ഓഫീസർ - 1

സീനിയർ മെഡിക്കൽ ഓഫീസർ - 1

മെഡിക്കൽ ഓഫീസർ - 1

മെഡിക്കൽ ഓഫീസർ (മർമ്മം) - 1

എന്നീ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

(ബി) അനുവദിക്കപ്പെട്ട തസ്തികളിലെല്ലാം നിയമനം നടത്തിയിട്ടുണ്ട്.

വർക്കലയിൽ പ്രകൃതി ചികിത്സാ പഠനകേന്ദ്രം ആരംഭിക്കാൻ നടപടി

208 (1143) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല പ്രകൃതി ചികിത്സാ കേന്ദ്രത്തിലെ രോഗികൾക്കുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പുതിയ വാർഡ് നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഈ പ്രകൃതി ചികിത്സാ കേന്ദ്രം സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ മറ്റു ചികിത്സാ സൗകര്യങ്ങൾ കൂടി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഈ കോമ്പൗണ്ടിൽ തന്നെ ഒരു പ്രകൃതി ചികിത്സാ പഠനകേന്ദ്രം ആരംഭിക്കുമെന്നുള്ള മുൻ തീരുമാനം ഉടനെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly